(എഫ്) പോലീസ് വാഹനം ഓടിക്കുന്നതിന് അംഗീകാരം നൽകിയിട്ടുള്ള പോലീസുദ്യോഗസ്ഥരുടെ എണ്ണം 831. ഇവർ എല്ലാവരുംതന്നെ നിശ്ചിത യോഗ്യത ലഭിച്ചിട്ടുള്ളവരാണ്. ആരെയും നിർബന്ധിതമായി ഡിപ്പാർട്ടുമെന്റ് വാഹനം ഓടിക്കുന്നതിന് നിയോഗിച്ചിട്ടില്ല.

(ജി) പോലീസ് വാഹനങ്ങളുണ്ടാക്കുന്ന അപകടത്തിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർ നിയമ നടപടികളിൽനിന്നും ഒഴിവാക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആലപ്പുഴ ജില്ലയിൽ വർദ്ധിച്ചുവരുന്ന മോഷണം

145 (4480) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മോഷണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആലപ്പുഴ ജില്ലയിൽ എത്ര മോഷണ കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട് ;

(സി) അരൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ വീട്ടിൽ നടന്ന മോഷണവുമായി ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) അറസ്റ്റ് ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 780/2015 U/s 457, 461, 380 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

ഉഴവൂർ മോനിപ്പള്ളി ജോസഫ് കുര്യന്റെ കൊലപാതകം

146 (4481) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ പഞ്ചായത്ത് മോനിപ്പള്ളി വില്ലേജിൽ ജോസഫ് കുര്യൻ എന്ന ബേബിയുടെ കൊലപാതകത്തെക്കുറിച്ചുള്ള പോലീസ് അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കൊലപാതകത്തെ സംബന്ധിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണം ഏതുഘട്ടത്തിലാണ് ; ഈ അന്വേഷണത്തിലൂടെ യഥാർത്ഥ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) അന്വേഷണത്തിനായി സ്പെഷ്യൽ ടീമിനെ നിയമിച്ചിട്ടുണ്ടോ ; ആരൊക്കെയാണ് ടീം അംഗങ്ങൾ എന്നും അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിന്റെ തുടർ നടപടിയും വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഇതുസംബന്ധിച്ച് കടുത്തുരുത്തി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 207/2014 u/s 174 CrPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കൃത്യസ്ഥലം കുത്താട്ടുകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ ആകയാൽ കേസ് കുത്താട്ടുകുളം പോലീസിന് കൈമാറുകയും ക്രൈം നമ്പർ 231/2014 ആയി കുത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും പ്രതി ജയ്സൺ പീറ്റർ എന്നയാളെ 3-3-2015-ൽ ഐ.പി.സി. 304 വകുപ്പ് പ്രകാരം അറസ്റ്റ് ചെയ്ത് പിറവം സി.ഐ. അന്വേഷണം നടത്തിവരവേ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം തുടർ അന്വേഷണത്തിനായി ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും എറണാകുളം ക്രൈംബ്രാഞ്ച് HHW-II യൂണിറ്റ് ഡിറ്റക്ടീവ് ഇൻസ്പെക്ടർ ശ്രീ. പി. കെ. രാജുവിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം ടി കേസ് ഊർജ്ജിതമായി അന്വേഷണം നടത്തിവരികയും ചെയ്തുവരുന്നു. കേസന്വേഷണത്തെ ബാധിക്കുമെന്നതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

ആശ്രിത നിയമനം

147 (4482) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ കമാന്റന്റ് ഓഫീസ്, കെ.എ.പി. വൺ ബറ്റാലിയൻ, ആർ.വി.പുരം, തൃശ്ശൂർ. ക്യാമ്പ് ഫോളോവർ-374 ആയി ജോലി ചെയ്തുകൊണ്ടിരിക്കെ, 16-12-2013-ൽ മരണമടഞ്ഞ എറണാകുളം ജില്ലയിൽ, ഏഴാറ്റുമുഖം. പി. ഒ., മുക്കന്നൂർ ദേശത്ത് കാലടി വീട്ടിൽ രാമൻമാക്കോത മകൻ കെ. എം. അയ്യപ്പന്റെ ആശ്രിതർക്ക് ആനുകൂല്യങ്ങളും ആശ്രിതനിയമനവും ലഭിക്കുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കെ. എം. അയ്യപ്പന്റെ ഭാര്യക്ക് ആശ്രിത നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly